പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3119 | 10.12.2018-ൽ മറുപടിക്ക്

## പിറവം മണ്ഡലത്തിലെ പാലങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനൂപ് ജേക്കബ് : | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

(എ) പിറവം നിയോജകമണ്ഡലത്തിൽ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പാലങ്ങളുടെ വിശദവിവരം നല്കാമോ;

(എ) **മറ്റത്താൻക്കടവ് പാലം**

പിറവം, തൃപ്പൂണിത്തുറ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മറ്റത്താൻക്കടവ് പാലത്തിന്റെ wearing coat ഒഴികെയുള്ള നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം നിലച്ചിരിക്കുകയാണ്. പ്രസ്തുത പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തി പുനരാരംഭിക്കണമെങ്കിൽ കരാറുകാരൻ സപ്ളിമെന്ററി എഗ്രിമെന്റ് വയ്ക്കേണ്ടതുണ്ട്. കൂടാതെ പാലത്തിനുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കണമെങ്കിൽ മുളന്തുരുത്തി വില്ലേജിലെ രണ്ട് സർവ്വെ നമ്പരുകളിൽപ്പെട്ട ഭൂമിയുടെ നിലം പരിവർത്തനാനുമതി ലഭിക്കേണ്ടതുണ്ട്.

**കോരങ്കടവ് പാലം**

കോരങ്കടവ് പാലത്തിന്റെ നിർമ്മാണം 03.12.2010-ൽ ആരംഭിക്കുകയും പുഴയിലെ തൂണുകളുടെ നിർമ്മാണവും ഐക്കരനാട് ഭാഗത്തെ അബട്മെന്റ് ഫൗണ്ടേഷൻ പ്രവൃത്തികളും പൂർത്തിയാകുകയും ചെയ്തു. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകാത്തതുമൂലം 2012 മുതൽ ഈ പ്രവൃത്തി നിശ്ചലാവസ്ഥയിലാണ്. ഇപ്പോൾ ഈ പാലത്തിന്റെ രാമമംഗലം ഭാഗത്തേയും ഐക്കരനാട് ഭാഗത്തെയും 12 ഭൂവുടമക

ളിൽ 10 ഭൂവുടമകളുടേയും സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കരാറുകാരൻ WP(C)26659/2013 പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിരക്ക് പുതുക്കി ലഭിക്കുന്നതിന് വേണ്ടി കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയുടെ നിരക്ക് 2016 DSR പ്രകാരം പുതുക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുകയും ആയത് വിശദമായ പരിശോധനകൾക്ക ശേഷം ധനകാര്യ വകുപ്പിന്റെ നിർദ്ദേശാനുസരണമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ റീ വർക്ക് ചെയ്ത് പുന:സമർപ്പിക്കുവാൻ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനിയർക്ക് 07.07.2018, 16.08.2018, 18.08.2018 എന്നീ കത്തുകൾ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ചീഫ് എഞ്ചിനിയറിൽ നിന്നും ലഭ്യമാക്കി പരിശോധിച്ച് ഉത്തരവാകുന്ന മുറയ്ക്കും , ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുള്ള കേസിന്റെ വിധിയ്ക്കും വിധേയമായി മാത്രമേ പ്രവൃത്തി പുനരാരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**<u>കീഴ് മുറിക്കടവ് പാലം</u>**

കീഴ് മുറിക്കടവ് പാലം നിർമ്മാണം 05.05.2017-ൽ ആരംഭിച്ചു. ഈ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. മണീട് ഭാഗത്തെ അബട്ട്മെന്റിന്റേയും പുഴയിലെ തൂണുകളുടേയും ഫൗണ്ടേഷൻ പ്രവൃത്തികൾ പൂർത്തിയായി. രാമമംഗലം ഭാഗത്തെ അബട്ട്മെന്റിന്റെ പൈലിംഗ് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഈ പാലത്തിന്റെ നിർമ്മാണം ആരംഭിച്ചത് ബന്ധപ്പെട്ട സ്ഥലമുടമകളിൽ നിന്നും മുൻകൂർ സമ്മതപത്രം ലഭ്യമാക്കിയാണ്. ഈ പാലത്തിന് ആവശ്യമായ സ്ഥലത്തിന്റെ ഏറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പിൽ നടന്നുവരുന്നു. രാമംഗലം ഭാഗത്തെ

| | | |
|---|---|---|
| | | തണ്ണീർത്തടത്തിൽ ഉൾപ്പെട്ടു വരുന്ന സ്ഥലത്തിന്റെ പരിവർത്തനാനുമതിക്കുള്ള അപേക്ഷ കൃഷി വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് അംഗീകാരം ലഭിക്കാനുണ്ട്. |
| (ബി). | പ്രസ്തുത മണ്ഡലത്തിൽ വിവിധ കാരണങ്ങളാൽ നിർമ്മാണം ആരംഭിയ്ക്കാൻ കഴിയാത്ത പാലങ്ങളുടെ വിവരവും നിർമ്മാണം ആരംഭിയ്ക്കാൻ കഴിയാത്തതിന്റെ കാരണവും വ്യക്തമാക്കുമോ? | (ബി) ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണം ആരംഭിക്കാത്ത പാലങ്ങൾ ഒന്നും ഈ മണ്ഡലത്തിലില്ല. |

S. Bindu

സെക്ഷൻ ഓഫീസർ